--ഭരണഭാഷ മാതൃഭാഷ--

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തിയതി-23-12-2024
ഇമെയിൽ- supdta.dge@kerala.gov.in
Phone- 0471-2580640

No: DGE/20836/2024-A1

## സർക്കുലർ

*വിഷയം-* *പൊ.വി.വ - ജീവനക്കാര്യം - അധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റത്തിനുള്ള അനുപാതം - സംബന്ധിച്ച്-*

*സൂചന-*

1. 23.05.2024 ലെ സ.ഉ(കൈ) നം. 50/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. ഈ കാര്യാലയത്തിൽ നിന്നുള്ള 29.11.2024 തീയതിയിലെ എ1/20836/2024/ഡി.ജി.ഇ നമ്പർ സർക്കുലർ.
3. 09.12.2024 ലെ സ.ഉ(കൈ) നം.148/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന പ്രൈമറി, ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലമാറ്റത്തിനുള്ള അനുപാതം നിലവിലെ 10% എന്നത് പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 20% വും ഹൈസ്കൂൾ അധ്യാപകർക്ക് 15% വും ആയി നിജപ്പെടുത്തി സൂചന(1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എൽ.പി/യു.പി വിഭാഗത്തിന് 20 ശതമാനവും, ഹൈസ്കൂൾ വിഭാഗത്തിന് 15 ശതമാനവും ആയി വർദ്ധിപ്പിച്ച അനുപാതപ്രകാരം സർക്കാർ സ്കൂളുകളിലെ അധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റമുൾപ്പെടെ അധ്യാപക നിയമനങ്ങളിൽ **ഓരോ വിഭാഗത്തിനും ഓരോ കലണ്ടർ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ** വിഹിതം ചെയ്യേണ്ടതാണ് എന്നും ഭാഷാ അധ്യാപകരുടെയും ( ജൂനിയർ ലാംഗ്വേജ് ടീച്ചർ, പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ), സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും അന്തർജില്ലാ സ്ഥലമാറ്റത്തിനുള്ള അനുപാതം 20% ആയി വർദ്ധിപ്പിച്ചും സൂചന(1) ലെ സർക്കാർ ഉത്തരവിന്മേൽ സൂചന (3) പ്രകാരം സ്പഷ്ടീകരണം സർക്കാരിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അന്തർജില്ലാ അനുപാതം താഴെ പരാമർശിക്കും വിധം പുതുക്കി നിശ്ചയിക്കുന്നു.

**പ്രീ-പ്രൈമറി വിഭാഗം**

നേരിട്ടുള്ള നിയമനം - 90%
അന്തർജില്ല സ്ഥലംമാറ്റം - 10%

**പ്രൈമറി വിഭാഗം**

നേരിട്ടുള്ള നിയമനം - 75%
അന്തർജില്ല സ്ഥലംമാറ്റം - 20 %

തസ്തികമാറ്റ നിയമനം - 5%

**<u>എച്ച്.എസ്.എ.വിഭാഗം</u>**

നേരിട്ടുള്ള നിയമനം - 55%
അന്തർജില്ലാ സ്ഥലംമാറ്റം - 15 %
പ്രൈമറി ടീച്ചർ പ്രോമോഷൻ - 15 %
തസ്തികമാറ്റ നിയമനം - 10%
ആശ്രിത നിയമനം - 5%

**<u>ലോവർ ഗ്രേഡ് ലാംഗ്വേജ് ടീച്ചർ</u>**

നേരിട്ടുള്ള നിയമനം - 45%
അന്തർജില്ല സ്ഥലംമാറ്റം - 20%
പാർട്ട് ടൈം അധ്യാപകരുടെ പ്രമോഷൻ - 30 %
മിനിസ്റ്റീരിയൽ സ്റ്റാഫിൽ നിന്നുള്ള തസ്തികമാറ്റ നിയമനം - 5%

**<u>പാർട്ട് ടൈം ലോവർ ഗ്രേഡ് ലാംഗ്വേജ് ടീച്ചർ</u>**

നേരിട്ടുള്ള നിയമനം - 80%
അന്തർജില്ല സ്ഥലംമാറ്റം - 20%

**<u>സ്പെഷ്യലിസ്റ്റ് ടീച്ചർ</u>**

നേരിട്ടുള്ള നിയമനം -80%
അന്തർജില്ല സ്ഥലമാറ്റം - 20%

**<u>പാർട്ട് ടൈം ലാംഗ്വേജ് ഹൈസ്കൂൾ ടീച്ചർ</u>**

നേരിട്ടുള്ള നിയമനം - 85%
അന്തർജില്ല സ്ഥലമാറ്റം - 15%

Signed by
Shanavas S
Date: 23-12-2024 17:02:00
പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് - എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KITE (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)